15 YEARS OF CELEBRATING THE MAHATMA

Break the chain

<u>വനിതശിശുവികസനഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>
(ഹാജർ: ശ്രീമതി.അനുപമ.റ്റി.വി. IAS)

ഉത്തരവ് നം. DWCD/323/2022-ICDS A7 തീയതി. 18/03/2022

---

വിഷയം: വനിതശിശുവികസനവകുപ്പ്-അങ്കണവാടി കെട്ടിട നിർമ്മാണം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുമായി (MGNREGS) ചേർന്ന് അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം : 1)കേന്ദ്ര സർക്കാരിൻറെ 31/05/2016, 10/08/2016 ,29/03/2017 തീയതികളിലെ F.No.CD-14/102/2015/CD-II നമ്പർ കത്ത്

2) സ.ഉ.(സാധാ)നം.330/2021/സാനീവ തീയതി 19/05/2021

3) ഈ കാര്യാലയത്തിലെ 03/09/2021 തീയതിയിലെ ഐസിഡിഎസ്സ്/എ 7-5914/21 നമ്പർ ഉത്തരവ്

4) കോട്ടയം പ്രോഗ്രാം ആഫീസറുടെ 21/02/2022 തീയതിയിലെ പിഒകെ/517/2021 നമ്പർ കത്ത്

5) ആലപ്പുഴ പ്രോഗ്രാം ആഫീസറുടെ 07/02/2022 തീയതിയിലെ ഇ 2-1247/21 നമ്പർ കത്ത്

6) പാലക്കാട് പ്രോഗ്രാം ആഫീസറുടെ 18/02/2022 , 04/03/2022,24/02/2022 തീയതിയിലെ ബി 564/17 നമ്പർ കത്ത്

7) മലപ്പുറം പ്രോഗ്രാം ആഫീസറുടെ 15/02/2022 ,02/03/2022 ,03/03/2022 തീയതിയിലെ ബി-343/21 നമ്പർ കത്ത്

8) കണ്ണൂർ പ്രോഗ്രാം ആഫീസറുടെ 08/02/2022 തീയതിയിലെ പിഒ/കെ.എൻആർ/ബി-1241/21 നമ്പർ കത്ത്

9) എറണാകുളം പ്രോഗ്രാം ആഫീസറുടെ 25/02/2022 തീയതിയിലെ പിഒ/ഇകെഎം/എ 4-784/21 നമ്പർ കത്ത്

10) പത്തനംതിട്ട പ്രോഗ്രാം ആഫീസറുടെ 28/02/2022 തീയതിയിലെ സി2-324/2021 നമ്പർ കത്ത്

വനിതശിശുവികസന വകുപ്പിന് കീഴിലുള്ള 923 അങ്കണവാടികൾക്ക് MGNREGS പദ്ധതി പ്രകാരം അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് 2016-17 സാമ്പത്തിക വർഷം സൂചന (1) പ്രകാരം കേന്ദ്ര ഗവൺമെൻറ് അനുമതി

നൽകിയിരുന്നു. ടി പദ്ധതി പ്രകാരം ഒരു അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് MGNREGS മിഷൻ വിഹിതമായി 5 ലക്ഷം രൂപയും, കേന്ദ്ര സംസ്ഥാന സർക്കാർ വിഹിതമായി 2 ലക്ഷം രൂപ 60:40 എന്ന അനുപാതത്തിലും ബാക്കി ആവശ്യമായ തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വഹിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

MGNREGS പദ്ധതി പ്രകാരം അങ്കണവാടി കെട്ടിട നിർമ്മാണത്തിൻറെ ഫണ്ട് വിനിയോഗിക്കുന്നത് MGNREGS മിഷൻ ഡയറക്ടർ മുഖേനയാണ്. വിവിധ ഘട്ടങ്ങളിലായി 720 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഈ കാര്യാലയത്തിൽ നിന്നും അനുമതി നൽകിയിട്ടുണ്ട്.

കേന്ദ്ര സർക്കാർ നിർമ്മാണാനുമതി നൽകിയ 923 അങ്കണവാടികളിൽ നിർമ്മാണത്തിന് അവശേഷിക്കുന്ന 203 അങ്കണവാടികളുടെ കേന്ദ്രസംസ്ഥാന വിഹിതമായ 406 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷം നിർവ്വഹണ ഏജൻസിയായ MGNREGS മിഷൻ ഡയറക്ടറുടെ TSB അക്കൗണ്ട് നം 799011400000486 ൽ നിക്ഷേപിക്കുന്നതിനും 203 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും പരാമർശം (2) പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി തുക MGNREGS മിഷൻ ഡയറക്ടറുടെ TSB അക്കൗണ്ട് നം 799011400000486 ൽ പരാമർശം (3) പ്രകാരം നിക്ഷേപിച്ചിട്ടുണ്ട്. 203 അങ്കണവാടികളിൽ 21 അങ്കണവാടികൾക്ക് നാളിതുവരെ നിർമ്മാണാനുമതി നൽകിയിട്ടുണ്ട്.

MGNREGS പദ്ധതി പ്രകാരം 26 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മാണാനുമതി ആവശ്യപ്പെട്ട് കോട്ടയം, ആലപ്പുഴ, പാലക്കാട്, മലപ്പുറം, കണ്ണൂർ, എറണാകുളം, പത്തനംതിട്ട എന്നീ ജില്ലകളിലെ പ്രോഗ്രാം ആഫീസർമാർ പരാമർശം (4), (5),(6),(7),(8),(9),(10)പ്രകാരം പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട് . ഈ സാഹചര്യത്തിൽ അനുബന്ധമായി ചേർത്തിട്ടുള്ള 26 അങ്കണവാടികൾക്ക് MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനും MGNREGS മിഷൻ ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ള 406 ലക്ഷം രൂപയിൽ നിന്നും വകുപ്പ്

വിഹിതമായി കെട്ടിടം ഒന്നിന് 2,00,000/- ( രണ്ട് ലക്ഷം രൂപ മാത്രം ) നിരക്കിൽ ആകെ 52,00,000/-/- ( അൻപത്തിരണ്ട് ലക്ഷം രൂപ മാത്രം) ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ടി തുക ഉപയോഗിച്ച് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ സത്വരനടപടികൾ സ്വീകരിക്കേണ്ടതും ബന്ധപ്പെട്ട സിഡിപിഒമാർ നിർമ്മാണ പുരോഗതി വിലയിരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്

മിഷൻ ഡയറക്ടർ
MGNREGS
തിരുവനന്തപുരം

(ഒപ്പ്)

വനിതശിശുവികസന ഡയറക്ടർ

പകർപ്പ് :

1. പ്രോഗ്രാം ആഫീസർ
   (കോട്ടയം,പാലക്കാട്,ആലപ്പുഴ,
   പത്തനംതിട്ട,കണ്ണൂർ,മലപ്പുറം,എറണാകുളം)
2. ബന്ധപ്പെട്ട സിഡിപിഒമാർ
3. ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

<u>അനുബന്ധം</u>

(DWCD/323/2022-ICDS A7 Dated 18 .3.2022)

# MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണാനുമതി നൽകുന്ന 26 അങ്കണവാടികളുടെ ലിസ്റ്റ്

| ക്രമ നം | ജില്ല | ഐസിഡിഎസ്സ് പ്രോജക്റ്റ് | പഞ്ചായത്ത് | സെന്റർ നം |
|---|---|---|---|---|
| 1 | കോട്ടയം | പാമ്പാടി | കിടങ്ങൂർ | 191 |
| 2 | കോട്ടയം | കടുത്തുരുത്തി | കല്ലറ | 37 |
| 3 | കോട്ടയം | കടുത്തുരുത്തി | തലയോലപറമ്പ് | 140 |
| 4 | കോട്ടയം | കാഞ്ഞിരപ്പള്ളി അഡീഷണൽ | കൂട്ടിക്കൽ | 97 |
| 5 | പാലക്കാട് | പട്ടാമ്പി അഡീഷണൽ | വിളയൂർ | 70 |
| 6 | പാലക്കാട് | പട്ടാമ്പി അഡീഷണൽ | വിളയൂർ | 68 |
| 7 | പാലക്കാട് | പട്ടാമ്പി അഡീഷണൽ | വിളയൂർ | 60 |
| 8 | പാലക്കാട് | പട്ടാമ്പി അഡീഷണൽ | വിളയൂർ | 63 |
| 9 | പാലക്കാട് | ചിറ്റൂർ | എലപ്പുള്ളി | 98 |
| 10 | പാലക്കാട് | ഒറ്റപ്പാലം | ലക്കിടി പേരൂർ | 1 |
| 11 | മലപ്പുറം | വണ്ടൂർ അഡീഷണൽ | പാണ്ടിക്കാട് | 111 |
| 12 | മലപ്പുറം | വണ്ടൂർ അഡീഷണൽ | പാണ്ടിക്കാട് | 97 |
| 13 | മലപ്പുറം | വണ്ടൂർ അഡീഷണൽ | പാണ്ടിക്കാട് | 102 |
| 14 | മലപ്പുറം | വണ്ടൂർ അഡീഷണൽ | പാണ്ടിക്കാട് | 94 |
| 15 | മലപ്പുറം | വണ്ടൂർ അഡീഷണൽ | പാണ്ടിക്കാട് | 92 |
| 16 | മലപ്പുറം | വണ്ടൂർ അഡീഷണൽ | പാണ്ടിക്കാട് | 115 |
| 17 | മലപ്പുറം | പെരിന്തൽമണ്ണ | ഏലംകുളം | 97 |
| 18 | മലപ്പുറം | പൊന്നാന്നി | എടപ്പാൾ | 76 |
| 19 | മലപ്പുറം | നിലമ്പൂർ അഡീഷണൽ | എടക്കര | 43 |
| 20 | കണ്ണൂർ | ഇരിക്കൂർ അഡീഷണൽ | ഉളിക്കൽ | 24 |
| 21 | കണ്ണൂർ | എടക്കാട് | മുണ്ടേരി | 22 |

| | | | | |
|---|---|---|---|---|
| 22 | ആലപ്പുഴ | ചമ്പക്കുളം | എടത്വ | 67 |
| 23 | പത്തനംതിട്ട | മല്ലപ്പള്ളി | കോട്ടാങ്ങൽ | 101 |
| 24 | എറണാകുളം | മുളന്തുരുത്തി | ചോറ്റാനിക്കര | 20 |
| 25 | എറണാകുളം | ആലങ്ങാട് | കടുങ്ങല്ലൂർ | 65 |
| 26 | എറണാകുളം | ആലങ്ങാട് | കടുങ്ങല്ലൂർ | 124 |

Sunde

For വനിതശിശുവികസഡയറക്ടർ